**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 264</u>** **<u>05-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>റീജിയണൽ ക്യാൻസർ സെന്റർ ഉദ്യോഗസ്ഥ നിയമനം</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ജോബ് മൈക്കിൾ</td><td colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ പെൻഷൻ ആയതിന് ശേഷവും (60 വയസ്സിന് ശേഷം) എത്ര ജീവനക്കാർ പല വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഇപ്പോഴും ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>60 വയസിന് മുകളിൽ പ്രായമുള്ള നാല് ജീവനക്കാർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.</td></tr>
<tr><td>(ബി)</td><td>ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മേൽ നിയമനം നൽകിയിട്ടുള്ളത്; ശമ്പളയിനത്തിൽ പ്രതിമാസം എത്ര തുക ഇതിനായി ചെലവഴിക്കുന്നുണ്ട്; ഓരോരുത്തർക്കും നൽകുന്ന തുക പേര് സഹിതം വ്യക്തമാക്കുമോ?</td><td>(ബി)</td><td>ദീർഘകാല പ്രവൃത്തി പരിചയവും വൈദഗ്ധ്യവും വേണ്ട 3 തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ പെൻഷൻ പറ്റിയ ജീവനക്കാരിൽ നിന്നും നിയമിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന ആളുകളെ നിയമിച്ചിട്ടുണ്ട്.
<table>
<tr><td>തസ്തിക</td><td>പേര്</td><td>ശമ്പളം</td></tr>
<tr><td>സൈറ്റോപത്തോളജിസ്റ്റ്, ECDC, എറണാകുളം</td><td>ഡോ ലത എ</td><td>50000/-</td></tr>
<tr><td>അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ</td><td>ഡോ.രാജീവൻ വി</td><td>65000/-</td></tr>
<tr><td>ഇന്റേണൽ ഓഡിറ്റ് ഓഫീസർ</td><td>ശ്രീ ഔസേഫ് എം എം</td><td>50000/-</td></tr>
</table>
കൂടാതെ, ആർസിസിയിലെ പ്രൊജക്ടുകളുടെ മേൽനോട്ടത്തിന് കൺട്രോളർ & ഓഡിറ്റർ ജനറൽ പാടൻ ആയിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഓഡിറ്റേഴ്സ് ഓഫ് ഇന്ത്യ കേരള ചാപ്റ്ററിൽ നിന്നും ദീർഘകാല പ്രവൃത്തി പരിചയവും വൈദഗ്ധ്യവുമുള്ള ഒരാളിന്റെ സേവനം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനം വിട്ടു നൽകിയ ശ്രീ ടി ജയകുമാർ എന്നയാളിന് കരാർ വ്യവസ്ഥയിൽ നികുതി ഉൾപ്പെടെ പ്രതിമാസം 47,200/- രൂപ (കൺസൾട്ടൻസി ഫീ) ആയി നൽകിവരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ